"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡ് വികസനം - 05/12/2023-ൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ എൽ.എ.ആർ. 546/2010 നമ്പർ കേസിന്മേലുള്ള തുക - റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1279/2024/LSGD തീയതി, തിരുവനന്തപുരം, 14-07-2024**

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15.02.2024 തീയതിയിലെ എ3/3113/2010/ട്രിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.894/2024/തസ്വഭവ തീയതി 23.05.2024.

3. സ.ഉ.(സാധാ)നം.4713/2024/ധന തീയതി 15.06.2024.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 2353 (L.A. Re. Sy. No. 2353/3) ൽപ്പെട്ട 0.45 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 546/10 നമ്പർ കേസ്, ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 05/12/2023-ൽ നടന്ന അദാലത്തിൽ, ടി കേസിലെ മൂന്നാം കക്ഷിയായ ശ്രീ. സജീവിന്റെ മാത്രം സാന്നിദ്ധ്യത്തിൽ 64,97,984/- രൂപയ്ക്ക് ഒത്തുതീർപ്പായിട്ടുള്ളതിനാൽ പ്രസ്തുത തുക അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). മേൽ പരാമർശിച്ച എൽ.എ.ആർ.546/10 നമ്പർ കേസിലെ മൂന്നാം കക്ഷിയുമായി 05/12/2023-ൽ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ നടന്ന അദാലത്തിൽ ഒത്തുതീർപ്പായിട്ടുള്ള 64,97,984/- രൂപ ബന്ധപ്പെട്ട കക്ഷിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93- Payment of Compensation in LAR Caes (Plan Charged) എന്ന ശീർഷകത്തിൽ 64,98,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിരുന്നു.

3). മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ 05/12/2023-ൽ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ നടന്ന

അദാലത്തിൽ ഒത്തുതീർപ്പായിട്ടുള്ള 64,97,984/- രൂപ (അറുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിഏഴായിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ മാത്രം) 4217-60-800-93-Payment of Compensation in LAR Cases (Plan Charges) എന്ന ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച 64,98,000/- രൂപയിൽ നിന്നും എൽ.എ.ആർ.546/10 നമ്പർ കേസിലെ മൂന്നാം കക്ഷിയായ ശ്രീ. സജീവിന് (S/o സഹദേവൻ, ടി.സി.15/1859, പ്രണവം, തൈക്കാട്, തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4). പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീ. സജീവ്, S/o സഹദേവൻ, ടി.സി.15/1859, പ്രണവം, തൈക്കാട്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ ഇ.&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/103/2024FIN. dated 25.06.2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ.& പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (RE1/132/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 15-07-2024 14:08:00
സെക്ഷൻ ഓഫീസർ